**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1130** **02.05.2017 ൽ മറുപടിയ്ക്ക്**

**സമഗ്ര കാർഷിക വിപണി**

| **ചോദ്യം**<br>ശ്രീ. എസ്. ശർമ | | **ഉത്തരം**<br>ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സമഗ്ര കാർഷിക വിപണി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | സമഗ്ര കാർഷിക വിപണി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വിശദമാക്കാമോ; | (ബി) | ബാധകമല്ല |
| (സി) | ഇടനിലക്കാരെ ഒഴിവാക്കികൊണ്ട്, കർഷകർ ഉൽപാദിപ്പിക്കുന്ന പച്ചക്കറി ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യം മെച്ചപ്പെടുത്തി അവർക്ക് പരമാവധി ആദായം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (സി) | കൃഷി വകുപ്പിനു കീഴിലുള്ള ആറ് കാർഷിക മൊത്ത വ്യാപാര വിപണികളിലും അഞ്ച് ജില്ലാ സംഭരണ കേന്ദ്രങ്ങളിലും രജിസ്റ്റർ ചെയ്ത കർഷകരുടെ ഉൽപന്നങ്ങൾ നിശ്ചിത ദിവസങ്ങളിൽ ലേലം ചെയ്ത് വിൽക്കുവാൻ അവസരം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഇക്കോ ഷോപ്പുകൾ വഴിയും ബ്ലോക്ക് തല ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ വഴിയും കർഷകർക്ക് ഇടനിലക്കാരില്ലാതെ തങ്ങളുടെ ഉൽപന്നങ്ങൾ വിൽക്കുവാൻ അവസരം ഒരുക്കിയിട്ടുണ്ട്. വി.എഫ്.പി.സി.കെ യുടെ കർഷക വിപണി വഴിയും കർഷകർക്ക് തങ്ങളുടെ ഉൽപന്നങ്ങൾ ഇടനിലക്കാരില്ലാതെ വിൽപ്പനയ്ക്ക് സാധിക്കുന്നു. കൂടാതെ കേരളത്തിലെ പച്ചക്കറി കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനായി ഉൽപ്പാദനം ക്രമപ്പെടുത്തി വർഷം മുഴുവനും പച്ചക്കറി ലഭ്യമാക്കുന്നതിനായി ക്രോപ്പ് കലണ്ടർ കൃഷി വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഏതെല്ലാം സ്ഥലത്ത് ഏതെല്ലാം വിളകൾ ഏതെല്ലാം മാസങ്ങളിൽ എത്ര വിസ്തീർണ്ണത്തിൽ കൃഷി ചെയ്യണം എന്ന മാർഗ്ഗ രേഖയാണ് ക്രോപ്പ് കലണ്ടർ. |

**സെക്ഷൻ ഓഫീസർ**